# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -19      09.03.2015 ൽ മറുപടിയ്ക്ക്

### ക്രമസമാധാന രംഗത്ത് കൈവരിച്ച നേട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പാലോട് രവി<br>ശ്രീ.വർക്കല കഹാർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് ക്രമസമാധാന രംഗത്ത്, കേരളം ദേശീയതലത്തിൽ ഉന്നതസ്ഥാനത്ത് എത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെക്കുറിച്ചുള്ള ഇൻഡ്യാ ടുഡേ 2012 വാർഷിക സർവ്വേയിൽ കേരളത്തിന് ക്രമസമാധാന പാലനത്തിന് ഒന്നാം സ്ഥാനം ലഭിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012 നവംബർ 14-ാം തീയതിയിൽ പ്രസിദ്ധീകരിച്ച ഇൻഡ്യാ ടുഡേ വാരികയിലാണ് സർക്കാരിന്റെ ഈ നേട്ടത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ളത്. കേരള സംസ്ഥാനത്തിന്റെ ഈ നേട്ടം 'ഖലീജ് ടൈംസ്' എന്ന അറേബ്യൻ പത്രത്തിലും വാർത്ത വന്നതായി അറിവായിട്ടുണ്ട്.<br>സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡസ്ക്, വനിതാ ഹെൽപ്പ് ഡസ്ക്, ജനമൈത്രി പോലീസ് സംവിധാനം എന്നിവയിലൂടെ സംസ്ഥാന പോലീസിന്റെ മികവുറ്റ പ്രവർത്തനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ പോലീസ് സ്വീകരിക്കുന്ന കർശനമായ നിയമ നടപടികൾ, പൊതുജനങ്ങളുടെ ജീവനും സ്വത്തിനും നിയമ സംരക്ഷണം നൽകുന്നതിനായുള്ള പോലീസിന്റെ നടപടികൾ തുടങ്ങിയ സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഇത്തരം സർവ്വേകളിൽ കേരളത്തിന് മികച്ച സ്ഥാനം നേടിക്കൊടുത്തത് എന്ന് അനുമാനിക്കുന്നു. |
| (ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടെയും സർവ്വേകളുടെയും വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളെ കുറിച്ചുള്ള ഇൻഡ്യാ ടുഡേ വാരികയുടെ വാർഷിക സർവ്വേയിൽ ഇന്ത്യയിൽ അഭിവൃദ്ധി നേടിയ വലിയ സംസ്ഥാനങ്ങളിൽ 2-ാം സ്ഥാനവും, ക്രമസമാധാന പാലനം മുഖ്യഘടകമായ ഭരണ നൈപുണ്യത്തിന് ഒന്നാം സ്ഥാനവും കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളതായി മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (സി) ക്രമസമാധാന രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) ക്രമസമാധാനരംഗത്ത് ഉന്നത നേട്ടം കൈവരിക്കുന്നതിനായി പൊതുജന സുരക്ഷ ഉറപ്പാക്കിയും, പൊതുജനങ്ങളുടെ പരാതികൾ ഉടനടി പരിഹരിച്ചും നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുജന സുരക്ഷയ്ക്ക് ഭംഗം വരുത്തുന്ന സാമൂഹ്യദ്രോഹികൾക്കെതിരെ IPC, KP Act, KAAPA പ്രകാരം നടപടികൾ സ്വീകരിച്ചും, കരുതൽ തടങ്കലിൽ വെച്ചും നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ. വയോജനങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവയ്ക്ക് കർശന നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി വിദ്യാലയങ്ങളിലും പരിസരങ്ങളിലും പൂർണ്ണമായും ലഹരി വിമുക്തമാക്കുവാൻ സഹായിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി സീറോ ടോളറൻസ് പദ്ധതി, നിർഭയ പദ്ധതി എന്നിവ ആരംഭിച്ച് കഴിഞ്ഞു. ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ എന്നീ പദ്ധതികൾ ബ്ളേഡ് മാഫിയകളേയും, ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നിയന്ത്രിക്കുന്നതിനും വളരെയധികം സഹായിക്കുന്നുണ്ട്. കോമ്പിംഗ് ഓപ്പറേഷനുകളിലൂടെ പിടികിട്ടാപ്പുള്ളികൾ ഉൾപ്പെടെയുള്ള കുറ്റവാളികളെ കണ്ടുപിടിയ്ക്കുവാൻ സാധിയ്ക്കുന്നുണ്ട്.<br><br>ഓരോ സ്ഥലത്തെയും ജനസംഖ്യയും, ക്രൈംറേറ്റും, ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് വളരെ വേഗം സാധിയ്ക്കുകയും, കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ എത്രയും പെട്ടെന്ന് തന്നെ നിയമ നടപടികൾ സ്വീകരിക്കുവാൻ ഇതിലൂടെ സാധിയ്ക്കുന്നു. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ ബഹുദൂരം മുന്നിലാണ്. ഇതിനു പുറമെ ക്രമസമാധാന നില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ തലം മുതൽ റേഞ്ച് തലംവരെ അവലോകനയോഗം കൂടി നടപടികൾ സ്വീകരിക്കാറുണ്ട്. |

17/9/16

സെക്ഷൻ ഓഫീസർ